# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 313 19.02.2013 - ൽ മറുപടിക്ക്**

## ഹൗസ്ബോട്ട് മേഖലയെ നിയന്ത്രിക്കാൻ പ്രത്യേക നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ:<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. ആർ. സെൽവരാജ് : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഹൗസ്ബോട്ട് മേഖലയെ നിയന്ത്രിക്കാൻ പ്രത്യേക നിയമം കൊണ്ടു വരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) നിലവിലുള്ള കെ.ഐ.വി റൂൾ 2010-ലെ ചട്ടങ്ങൾ തുടരുന്നതോടൊപ്പം ഭേദഗതി ആവശ്യമാണോ എന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (ബി) ഹൗസ് ബോട്ടിലെ യാത്രക്കാർക്കും ജോലിക്കാർക്കും നൂറ് ശതമാനം സുരക്ഷ ഉറപ്പാക്കുക, മലിനീകരണം തടയുക, യാത്ര നടത്തുന്ന സമയത്ത് സ്വീകരിക്കേണ്ട മാനദണ്ഡങ്ങളെക്കുറിച്ച് യാത്രക്കാരെ ബോധവാൻമാരാക്കുക. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങിയവയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) ഹൗസ്ബോട്ടുകളെ നിയന്ത്രിക്കുവാനും സുരക്ഷ, പരിസ്ഥിതി എന്നിവയെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനും എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) ചട്ടത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.<br>1. സ്റ്റബിലിറ്റി ടെസ്റ്റിനോടൊപ്പം ഹീൽ ടെസ്റ്റുംകൂടി ഉൾപ്പെടുത്തുക.<br>2. എല്ലാ ജലയാനങ്ങളും (മെക്കനൈസ്ഡ് & നോൺ മെക്കനൈസ്ഡ് ) കെ.ഐ.വി റൂളിന്റെ പരിധിയിൽ കൊണ്ടു വരുക. |

3. ജലയാനങ്ങളുടെ വിസ്തീർണ്ണം ആഴം, അപകട സാധ്യത എന്നിവ കണക്കിലെടുത്ത് അവയെ തരം തിരിക്കുക.

4. ബോട്ട് ജീവനക്കാർക്ക് വേണ്ടി ഒരു ഡിപ്ലോമ കോഴ്സ് ആരംഭിക്കുക.

5. എല്ലാ ബോട്ടുകളിലും മൺസൂൺ സമയത്തും അല്ലാത്തപ്പോഴും വഹിക്കാവുന്ന യാത്രക്കാരുടെ എണ്ണം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തണം എന്ന നിബന്ധന കൊണ്ടുവരുക.

6. വേസ്റ്റ് ബയോ ടാങ്ക് ബോട്ടുകളിൽ ഘടിപ്പിക്കുക.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. കേരളത്തിലുള്ള ഭൂരിഭാഗം ജലയാനങ്ങളും യന്ത്രങ്ങൾ ഘടിപ്പിക്കാതെ യാത്ര ചെയ്യുന്നവയാണ്. കടത്തു വള്ളങ്ങൾ, വഞ്ചികൾ എന്നിവയിൽ ധാരാളം പേർ യാത്ര ചെയ്യുന്നുണ്ട്. അവരുടെ സുരക്ഷ കണക്കിലെടുത്ത് നോൺ മെക്കനൈസ്ഡ് ബോട്ടുകളെയും കെ.ഐ.വി റൂളിന്റെ പരിധിക്കുള്ളിൽ കൊണ്ടുവരേണ്ടതുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

2. യന്ത്രവൽകൃത ബോട്ടുകൾക്കുള്ള ചട്ടങ്ങളിൽ മാറ്റങ്ങൾ വരുത്തുന്ന കാര്യം പരിശോധനയിലാണ്.

3. ഹൗസ് ബോട്ടുകളിൽ നിന്നുള്ള മലിനീകരണം തടയുന്നതിനുവേണ്ടി ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

4. ഹൗസ് ബോട്ടുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി ആലപ്പുഴയിലും കുമരകത്തും ഡ്രൈഡോക്കുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5. കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് വഴി ജീവനക്കാർക്കുവേണ്ട ട്രെയിനിംഗുകൾ നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ